**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2733** **13-02-2024 - ൽ മറുപടിയ്ക്ക്**

**കുളം വൃത്തിയാക്കുന്നതിനുള്ള അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കുളം വൃത്തിയാക്കുന്നതിനുള്ള അനുമതിയുമായി ബന്ധപ്പെട്ട് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പാലക്കാട് ജില്ലാ ഓഫീസിൽ ആർ.ഡി.ഒ. യിൽ നിന്നും നിരാക്ഷേപപത്രം അനുവദിച്ച എത്ര അപേക്ഷകൾ 2023-24 കാലയളവിൽ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകളിന്മേൽ നടപടി സ്വികരിക്കാനുണ്ടെന്നും വിശദമാക്കാമോ; | (എ) | 6 അപേക്ഷകൾ 2023-24 കാലയളവിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ ഒരു അപേക്ഷയിൽ സർക്കാരിൽ നിന്ന് അനുമതി ലഭിച്ചതിനെ തുടർന്ന് സാധാരണ കളിമണ്ണ് നീക്കം ചെയ്യുന്നതിനുള്ള ട്രാൻസിറ്റ് പാസുകളും അനുവദിച്ചിട്ടുണ്ട്. ബാക്കി 5 അപേക്ഷകളിൽ മതിയായ രേഖകളുടെ അപര്യാപ്തത മൂലം അവ സമ്പാദിച്ച് സമർപ്പിക്കുന്നതിന് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ട്. ആയവ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ആവശ്യത്തിലേക്കായി 2023-24 കാലയളവിൽ ആർ.ഡി.ഒ. ൽ നിന്നും എത്ര നിരാക്ഷേപപത്രം പാലക്കാട് മൈനിംഗ് ആന്റ് ജിയോളജി ഓഫീസിൽ ലഭിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകൾ സർക്കാരിലേക്ക് അയച്ചിട്ടുണ്ടെന്നും എത്ര എണ്ണത്തിനു അനുമതി ലഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; ഇത്തരം അപേക്ഷകളിന്മേൽ നടപടികൾ വൈകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (ബി) | 6 അപേക്ഷകൾ 2023-24 കാലയളവിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ ഒരു അപേക്ഷയിൽ സർക്കാരിൽ നിന്ന് അനുമതി ലഭിച്ചതിനെ തുടർന്ന് സാധാരണ കളിമണ്ണ് നീക്കം ചെയ്യുന്നതിനുള്ള ട്രാൻസിറ്റ് പാസുകളും അനുവദിച്ചിട്ടുണ്ട്. ബാക്കി 5 അപേക്ഷകളിൽ മതിയായ രേഖകളുടെ അപര്യാപ്തത മൂലം അവ സമ്പാദിച്ച് സമർപ്പിക്കുന്നതിന് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ട്. ആയവ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഇത്തരം അപേക്ഷകളിൽ നിരാക്ഷേപപത്രം ആർ.ഡി.ഒ. യിൽ നിന്നും അനുവദിച്ചിട്ടും സർക്കാരിലേക്ക് അയക്കുന്ന നടപടി വൈകുന്നത് മൂലം പാലക്കാട് ജില്ലയിലെ നെൽകൃഷി ഉൾപ്പെടെ ഉള്ള മറ്റു കാർഷിക വിളകൾ കൃഷി ചെയ്യുന്നതിന് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ; | (സി) | കുളം നിർമ്മിക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി ലഭിക്കുന്നതിന് ആർ.ഡി.ഒ യുടെ നിരാക്ഷേപ പത്രവും മറ്റ് മതിയായ രേഖകളും സഹിതം ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസം വരുത്താതെ നടപടി സ്വീകരിക്കാറുണ്ട് |
| (ഡി) | കുളം വൃത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് 2021-22 കാലയളവിൽ അപേക്ഷ സ്വീകരിച്ച് ആയിരം രൂപ ഫീസ് വാങ്ങിയ പാലക്കാട് ജിയോളജി വകുപ്പ്, മേൽ അപേക്ഷകളിന്മേൽ ആവശ്യമായ എല്ലാ രേഖകളും സമർപ്പിച്ചിട്ടും ആർ.ഡി.ഒ. നിരാക്ഷേപപത്രം | (ഡി) | ബഹു. ഹൈക്കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സ്ഥല പരിശോധനകൾ നടത്തിയിട്ടുള്ളതും രേഖകൾ അപര്യാപ്തമാണെന്ന് കണ്ടതിനാൽ ആയത് ലഭ്യമാക്കുന്നതിന് കത്ത് |

| | | | |
|---|---|---|---|
| | അനുവദിച്ചിട്ടും കേരള ഹൈക്കോടതിയുടെ രണ്ട് ഉത്തരവുകൾ ഉണ്ടായിരുന്നിട്ടും പ്രസ്തുത അപേക്ഷകൾ നാളിതുവരെ സർക്കാരിലേക്ക് അയയ്ക്കാതെ മാസങ്ങളോളം വൈകിപ്പിക്കുന്നതിന്റെ കാരണം വിശദമാക്കാമോ? | | നൽകിയിട്ടുള്ളതും മതിയായ രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ